<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787</u> <u>13-02-2025 - ൽ മറുപടിയ്ക്ക്</u>

<u>പുൽപ്പള്ളി-കട്ടപ്പന കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽ നിന്നും ഇടുക്കി ജില്ലയിലെ കട്ടപ്പനയിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | പുൽപ്പള്ളി, മാനന്തവാടി, കുറ്റ്യാടി. പേരാമ്പ്ര, പെരുവണ്ണാമുഴി, വിലങ്ങാട് തുടങ്ങിയ പ്രദേശങ്ങളിലെ കുടിയേറ്റ കർഷകർ ഉൾപ്പടെയുള്ള ധാരാളം ജനവിഭാഗങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതിനാൽ ഈ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ആരംഭിക്കുമോ; വിശദമാക്കാമോ? | (ബി) | പുൽപ്പള്ളിയിൽ നിന്ന് ഇടുക്കി ജില്ലയിലെ കട്ടപ്പനയിലേയ്ക്ക് സർവ്വീസ് ആരംഭിക്കണമെങ്കിൽ പുൽപ്പള്ളിയുടെ സമീപ ഡിപ്പോകളായ സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ നിന്ന് ബസ് പുൽപ്പള്ളിയിലേയ്ക്ക് എത്തിച്ചേരണം. ഇത് ഡെഡ് ട്രിപ്പിന് കാരണമാകും. കൂടാതെ ധാരാളം കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും പുൽപ്പള്ളി – സുൽത്താൻ ബത്തേരി റൂട്ടിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. നിലവിൽ ഓൺലൈൻ റിസർവേഷൻ സൗകര്യത്തോടെ രാത്രി 20.00 മണിയ്ക്ക് സുൽത്താൻ ബത്തേരിയിൽ നിന്ന് കട്ടപ്പന - കുമിളി സർവ്വീസ് നിലവിലുണ്ട്. കൂടാതെ സുൽത്താൻ ബത്തേരിയിൽ നിന്നും ധാരാളം സർവ്വീസുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഓൺലൈൻ സീറ്റ് റിസർവേഷൻ സൗകര്യത്തോടെ സർവ്വീസ് നടത്തി വരുന്നുണ്ട്. ഇവയെ പുൽപ്പള്ളി നിവാസികൾക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയും. നിലവിൽ ഇത്തരം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നിന്നും നടത്തുന്ന ദീർഘദൂര സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമല്ല എന്ന് കണ്ടെത്തുന്നതിനാൽ ഡെഡ് ട്രിപ്പുകൾ ഒഴിവാക്കുന്നതിന് കൃത്യമായ പരിശോധന നടത്തി ആവശ്യമെങ്കിൽ കണക്ഷൻ സർവ്വീസുകൾ നൽകി ജനോപകാരപ്രദമായി പുനക്രമീകരിച്ച് നഷ്ടം കുറച്ച് വരികയുമാണ്. ആയതിനാലാണ് മേൽ സർവ്വീസ് ആരംഭിക്കുന്നതിന് കഴിയാത്തത്. |

സെക്ഷൻ ഓഫീസർ